പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**3630** 20/06/2019-ൽ മറുപടിക്ക്

## റീജ്യണൽ ക്യാൻസർ സെന്ററിൽ പെൻഷൻ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോ എബ്രഹാം** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി )** | |
| എ) | തിരുവനന്തപുരം റീജ്യണൽ ക്യാൻസർ സെന്ററിൽ പെൻഷൻ പദ്ധതി നിലവിലുണ്ടോ; എങ്കിൽ എന്നുമുതലാണ് നടപ്പിലാക്കിയതെന്ന് അറിയിക്കാമോ; | എ) | ഉണ്ട്.<br>2016 സെപ്റ്റംബറിൽ പെൻഷൻ വിതരണം ആരംഭിച്ചു. |
| ബി) | പ്രസ്തുത പെൻഷൻ പദ്ധതി ഏതു തരത്തിൽ ഉള്ളതാണെന്നും പങ്കാളിത്ത പെൻഷൻ പദ്ധതി ആണെങ്കിൽ ജിവനക്കാരുടയും സെന്ററിന്റെയും വിഹിതം എത്ര വീതമാണെന്നും ഏത് ഏജൻസിയെയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയതെന്നും അറിയിക്കാമോ? | ബി) | റീജിയണൽ കാൻസർ സെന്റർ എംപ്ലോയീസ് പെൻഷൻ പദ്ധതി (REPS ) സ്വയം - സുസ്ഥിര പെൻഷൻ പദ്ധതിയാണ്. 26. 2. 2011 മുതൽ 31. 03. 2013 വരെയുള്ള കാലയളവിൽ റീജിയണൽ കാൻസർ സെന്ററിൽ സ്ഥിര ജീവനക്കാർക്കും, REPS പദ്ധതിയുടെ കീഴിൽ വരാൻ തീരുമാനിച്ചിട്ടുള്ളവർക്കുമാണ് ഇത് ബാധകം.<br>അടിസ്ഥാന ശമ്പളം, ഗ്രേഡ് പേ, ഡിയർനെസ്സ് അലവൻസ് ഇവയുടെ പത്ത് ശതമാനം ജീവനക്കാരും അഞ്ച് ശതമാനം തൊഴിലുടമയും വിഹിതം നൽകണം .<br>ഡയറക്ടർ ചെയർമാനും സർക്കാരിന്റെ പ്രതിനിധി, കൺട്രോളർ ഓഫ് ഫിനാൻസ് , അഡ്മിനിട്രേറ്റിവ് ഓഫീസർ, മെഡിക്കൽ സൂപ്രണ്ട്, അക്കാഡമിക് , നോൺ അക്കാഡമിക് ജീവനക്കാരുടെ പ്രതിനിധിയായി അംഗീകൃത യൂണിയനുകളിൽ നിന്നും ഒരാൾ വീതവും, റിട്ടയർ ചെയ്തവരെ പ്രതിനിധീകരിച്ച് ഒരാളും ഉൾപ്പെട്ട മാനേജ്മെന്റ് കമ്മിറ്റിയാണ് പെൻഷൻ പദ്ധതി കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ